**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 795 28/02/2018-ലെ മറുപടി

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി. അൻവർ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കുടിവെള്ള പദ്ധതികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ; | (എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കരുളായ, മൂത്തേടം, അമരമ്പലം എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പാവാത്തതിനാൽ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) വിനിയോഗ തോത് കുറഞ്ഞതിനാൽ ഈ നിയോജകമണ്ഡലത്തിന് നഷ്ടമായ കേന്ദ്രാവിഷ്കൃത കുടിവെള്ള പദ്ധതികൾ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) വിനിയോഗ തോത് കുറഞ്ഞതു കാരണം നിലമ്പൂർ നിയോജകമണ്ഡലത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നഷ്ടമായിട്ടില്ല. |
| (സി) നിലമ്പൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രവർത്തനസജ്ജമാകും എന്ന് വ്യക്തമാക്കാമോ? | (സി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന സംസ്ഥാന സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി 2017 ആഗസ്റ്റ് മാസത്തിൽ കമ്മീഷൻ ചെയ്തിട്ടുണ്ട് നിലമ്പൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട 1400 ലക്ഷം രൂപയുടെ പദ്ധതിയിൽ (ചുങ്കത്തറ പോത്തുകൽ, എടക്കര, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പദ്ധതി) കിണറിന്റേയും പമ്പ് ഹൗസിന്റേയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ പ്രവൃത്തികൾ മുടങ്ങിയിരിക്കുകയാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ